**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**01 December 2017 (12 Rabi'ul Awwal 1439)**

# THE HOLY PROPHET OF ISLAM AS A FATHER

## ഇസ്ലാമിലെ പരിശുദ്ധ പ്രവാചകൻ പിതാവെന്ന നിലയിൽ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം ഇസ്ലാമിലെ പരിശുദ്ധ പ്രവാചകൻ പിതാവെന്ന നിലയിൽ എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്ന് ഹിജറാ വർഷം 1439 റബീഉൽ അവ്വൽ 12 വെള്ളിയാഴ്ചയാകുന്നു. ഭുരിഭാഗം മുസ്ലിം ലോകവും യൗമുൻ നബി, പ്രവാചക ദിനം, മറ്റുള്ളവർ മീലാദുഅബി - പ്രവാചകൻ (സ) യുടെ . ജന്മദിനം എന്ന പേരിൽ ആഘോഷിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സുന്നത്തിൽ പെടുന്നതല്ല ജന്മദിനാഘോഷം. ഓരോ മുസ്ലിമും മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമാണ്. അവിശ്വാസികളുടെ ചര്യകളെ സദൃശീകരിക്കുന്ന പ്രവർത്തനങ്ങൾ ഇസ്ലാമിൽ വളരെ ശക്തമായി നിരോധിച്ചിട്ടുള്ള കാര്യങ്ങളാണ്. ഉദാഹരണത്തിന്, കേക്ക് മുറിക്കുക, മെഴുകുതിരി കത്തിക്കുക, ആശംസകാർഡുകൾ ഉണ്ടാക്കുക, നൃത്തസംഗമ വിരുന്നുകൾ സംഘടിപ്പിക്കുക, മ്യൂസിക് ആസ്വാദനവും മദ്യപാനവും സംഘടിപ്പിക്കുക തുടങ്ങിയവ

നമ്മളെ സംബന്ധിച്ചിടത്തോളം, നാം മുൻതൂക്കം നല്കുന്നത് നബിചര്യയെ അനുസ്മരിക്കുന്നതിനാണ്. അതായത് നബി (സ) യുടെ ജീവചരിത്രം പറയുക. അതിലൂടെ മനുഷ്യനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സമ്പൂർണ്ണ വ്യക്തിത്വവും പ്രവാചകത്വവും നമുക്ക് ഓർക്കുവാൻ കഴിയുന്നു. ആ സമ്പൂർണ്ണതയ്ക്കായി നമുക്കും പ്രാർത്ഥിക്കാം പ്രവർത്തിക്കാം.

മുഹമ്മദ് എന്ന വാക്കിന്റെ വാക്കർത്ഥം വളരെയധികം പുകഴ്ത്തപ്പെട്ടവൻ എന്നാകുന്നു. പ്രവാചകത്വ വാദത്തിന് മുൻപു മുതൽ തന്നെ, തന്റെ ജനത അദ്ദേഹത്തിന്റെ, സത്യതയും വിശ്വസ്തതയും തൊട്ടറിഞ്ഞിരുന്നു. ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ (സ) മൂന്ന് പുത്രന്മാരുടെയും നാല് പുത്രിമാരുടെയും പിതാവായിരുന്നു. രണ്ട് പുത്രന്മാർ ഖാസീമും അബ്ദുല്ലാഹ്‌യും അവർക്കു കുടുംബം പേരുവെച്ചിരുന്ന പേരുകൾ തയ്യിബും, ത്വാഹിറും എന്നായിരുന്നു. ഹസ്രത് ഖദീജ (റ)വിൽ ജനിച്ചതായിരുന്നു അവർ ഇരുവരും. മറ്റൊരു പുത്രൻ ഇബ്റാഹീം, വളരെ കഴിഞ്ഞ്, ഹസ്രത് മറിയയിൽ ജനിച്ചതായിരുന്നു. കോപ്റ്റിക് വിഭാഗത്തിൽപ്പെട്ട ഭാര്യയായിരുന്നു ഹസ്രത് മറിയ (റ).

ആദ്യമായി ജനിച്ചത് ഖാസിം ആയിരുന്നു. അറബികളുടെ ആചാരമനുസരിച്ച് പരിശുദ്ധ പ്രവാചകൻ, അദ്ദേഹം തന്നെ, അബുൽ ഖാസിം എന്ന പേരിട്ടു. അതായത് ഖാസിമിന്റെ പിതാവ് രണ്ട് വയസ്സു പ്രായമായപ്പോൾ ഖാസിം മരണപ്പെട്ടു. ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപുതന്നെ ! ഖാസിമിന് ശേഷം നബി (സ) യുടെ മൂന്നു പുത്രി, അവർക്ക് സെയ്നബ് എന്ന് പേരിട്ടു അവർക്കു ശേഷം റുഖ്ഖിയ്യ, ഉമ്മുകുൽസൂം, ഏറ്റവും ഇളയ പുത്രീ ഫാത്വിമ ആയിരുന്നു. പരിശുദ്ധ പ്രവാചകനും ഹസ്രത് ഖദീജ (റ) യ്ക്കും ജനിച്ച ഏറ്റവും ഇളയകുട്ടി. അബ്ദുല്ലാഹ് ആയിരുന്നു. ഇസ്ലാമിന് മുൻപ് തന്നെ, കുട്ടി ആയിരിക്കുമ്പോൾ തന്നെ, മരണപ്പെട്ടു പോയി.

ഹസ്രത് ഖദീജ (റ) യ്ക്ക് മുൻഭർത്താക്കന്മാരിൽ നിന്ന് രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. ഒന്നിൽ ഒരു പുത്രനും മറ്റേതിൽ ഒരു പുത്രിയും രണ്ടു പേരെയും ഹിന്ദ് എന്ന് വിളിച്ചിരുന്നു. പ്രസ്തുത കുട്ടികൾ അവരുടെ പിതാക്കന്മാരുടെ കുടുംബങ്ങളിൽ കഴിഞ്ഞിരുന്നു. സമയാസമയങ്ങളിൽ മാതാവിനെ അവർ സന്ദർശിച്ചിരുന്നു. അവർ കുട്ടികൾക്ക് സൗഹൃദവും സമ്മാനങ്ങളും നല്കി ആദരിച്ചിരുന്നു. ഹിന്ദ് ഇബ്ന് അബിഹൽസ എന്ന പുത്രൻ, കൊച്ചാപ്പ എന്ന നിലയിൽ പ്രവാചകനുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു. പിന്നീട് ഇസ്ലാം മതം സ്വീകരിക്കുകയുണ്ടായി. അദ്ദേഹം പരിശുദ്ധ പ്രവാചകൻ (സ) യെ കുറിച്ച്, വളരെ താത്പര്യപൂർവ്വം ഹൃദയസ്പർക്കായി എഴുതിയിരുന്നു. അദ്ദേഹത്തിന്റെ വായ്, നിറയെ മുത്തുകളാൽ നിറയ്ക്കപെട്ട, ഒരു മാണിക്യപ്പെട്ടി

പോലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖം പൂർണ്ണ ചന്ദ്രനെ പോല ആയിരുന്നു. കുറ്റമറ്റ സ്നേഹധിക്യവും, അനിതരസാധാരണമായ സ്നേഹവും ആദരവുമാണ് ഇതിലൂടെ പ്രകടിപ്പിച്ചിട്ടുള്ളത്.

അറബികളുടെ നടപടി ക്രമമനുസരിച്ച്, സെയ്ത് ഇബ്ന് ഹാരിസിനെ വില്പനയ്ക്കായിനിർത്തപ്പെട്ടപ്പോൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഹസ്രത് ഖദിജ ഹാരിസിനെ വാങ്ങുകയും അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പ്രവാചകൻ (സ) യും ഹസ്ത് ഖദീജ (റ) യും അവരുടെ പുത്രനായി അദ്ദേഹത്തെ ദത്തടുക്കുകയുണ്ടായി. അതിനു ശേഷം അദ്ദേഹത്തെ സെയ്ദ് ഇബ്നു മുഹമ്മദ് ദത്തെടുക്കുകയുണ്ടായി എന്നറിയപ്പെടുകയുണ്ടായി. അദ്ദേഹം പരിശുദ്ധ പ്രവാചകൻ (സ) യുടെ സംരക്ഷണത്തിലാണ് ജീവിച്ചത്. അങ്ങനെ അദ്ദേഹം ശ്രദ്ധേയനായ അനുചരനും വിശ്വാസിയുമായി മാറി.

ഹസ്രത് സെയ്നബ (റ) പ്രവാചകൻ (സ) യുടെ മൂത്ത പുത്രിയെ അബ്ദുൽ ഔശ്ബ്ന് റബീ ഇബ്ന് അബ്ദുശ്ശംസ് വിവാഹം ചെയ്തു. ഹസ്രത് റുഖ്കിയ്യായെയും, ഹസ്രത് ഉമ്മുൽ കുൽസുമിനേയും, ഉത്ബാഹ് ഉം, ഉതൈബാഹും, വിവാഹം കഴിച്ചു. പരിശുദ്ധ പ്രവാചകന്റെ അമ്മാവൻ ആയിരുന്ന അബൂബഹിന്റെ പുത്രന്മായിരുന്നു. കാലം കടന്നു പോയപ്പോൾ ഇസ്ലാമിന്റെ പ്രവാചകൻ താനെന്ന് സ്വയം പ്രാഖ്യാപിച്ച അബൂലഹബ് തന്റെ മക്കളുടെ മേൽ സ്വീധീനം ചെലുത്തി പ്രവാചക പുത്രിമാരായ റുഖ്ഖിയ്യായെയും ഉമ്മുകുൽസൂമിനെയും വിവാഹമോചിതരാക്കുകയുണ്ടായി. അതിനുശേഷം രണ്ടു സഹോദരിമാരെയും ഉസ്മാനുബ്നു അഫ്ഫാഹ് (റ) ഒന്നിനു ശേഷം മറ്റൊന്നായി വിവാഹം കഴിക്കുകയുണ്ടായി. ആദ്യം വിവാഹിതരായവർ മരണപ്പെട്ടപ്പോൾ മറ്റേ സഹോദരീയെയും വിവാഹം കഴിക്കുകയാണുണ്ടായത്. രണ്ടു പുത്രിന്മാരും പരിശുദ്ധ പ്രവാചകൻ (സ) ന്റെ ജീവിത കാലത്തു തന്നെ മരണപ്പെടുകയുണ്ടായി. ഹസ്രത് ഫാത്വിമ ഏറ്റവും ഇളയമകളെ ഹസ്രത് അലി (റ) വിവാഹം കഴിക്കുകയുണ്ടായി. പരിശുദ്ധ പ്രവാചകൻ ജീവിതകാലത്ത് ജീവിച്ചിരുന്ന ഒരേ ഒരു കുട്ടി അവർ മാത്രമായിരുന്നു. തന്റെ പിതാവിന്റെ മരണം ഫാത്വിമ (റ) യെ അതിയായ ദുഃഖത്തിലാഴ്ത്തുകയുണ്ടായി. പ്രസ്തുത സംഭവത്തിന് ശേഷം ആറു മാസത്തിനകം അവരും ഇഹലോക വാസം വെടിഞ്ഞു.

സർവ്വശക്തനായ അല്ലാഹു ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകനെയും കോപ്റ്റിക് വനിതയായ അദ്ദേഹത്തിന്റെ ഭാര്യ ഹസ്രത് മറിയ (റ) യെയും ഇബ്റാഹിം എന്നു പേരുള്ള മകനെ നല്കി അനുഗ്രഹിക്കുകയുണ്ടായി. പരിശുദ്ധ പ്രവാചകനെ സംബന്ധിച്ചിടത്തോളം പരമാനന്ദം നല്കുന്ന ഒരു സന്ദർഭമായിരുന്നു. പുതുതായി ജനിച്ച കുട്ടിയുടെ കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച സ്നേഹസൗഹൃദം തികച്ചും സ്വാഭാവികമായിരുന്നു. കുട്ടിയുടെ മാതാവ് ഹസ്രത് മറിയ (റ) യും പരിശുദ്ധ പ്രവാചകന് അത്യാഹ്ലാദമാണ് പ്രദാനം ചെയ്തത്. അബൂറാഫിയുടെ ഭാര്യയായ സൂതികർമ്മിണി, സൽമായ്ക്ക്, ഔദാര്യത്തോടെ പ്രതിഫലം നല്കി. വളരെ സന്തോഷത്തോടെ പ്രസ്തുത ജനനം കൊണ്ടാടി. കാരണം നേരത്തെ രണ്ട് ആൺമക്കൾ പ്രവാചകൻ (സ) നഷ്ടപ്പെട്ടിരുന്നു. തന്മൂലം വളരെ ശക്തമായ ഒരു ബന്ധം നബി (സ) ന് ഈ കാര്യത്തിലുണ്ടായി.

അദ്ദേഹത്തിന്റെ പുത്രിമാർ, അവർ പ്രായ പൂർത്തിയായശേഷം, വിവാഹിതരാവുകയും കുട്ടികൾ ജനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഫാത്വിമാ മാത്രമാണ് തന്റെ സന്താനപരമ്പരയിൽ ജീവിച്ചിരിക്കുന്നത്. ഈ ആൺമക്കളുടെയും പെൺമക്കളുടെയും ഒന്നിനുപുറകെ മറ്റൊന്നായുള്ള മരണം, അദ്ദേഹത്തിന്റെ കൈകൾ കൊണ്ടു തന്നെ ഖബറടക്ക ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തതിലൂടെ അദ്ദേഹത്തിന് ശക്തമായ മരണദുഃഖാനുഭവം നേരിട്ടുക്കൊണ്ടിരിക്കുകയായിരുന്നു. ആയതിനാൽ മരണദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പിതാവ്, ഇബ്റാഹീമിന്റെ ജനനത്തിൽ അല്പം കൂടുതൽ സന്തോഷവും സന്തുഷ്ടിയും പ്രകടിപ്പിച്ചത് തികച്ചും സ്വാഭാവികം മാത്രമാണ്.

അത്ഭുതമെന്ന് പറയട്ടെ, ഇബ്റാഹീം പ്രവാചകൻ (സ) യ്ക്ക് കൊണ്ടുവന്ന സന്തോഷം കൂടുതൽ നിലനിന്നില്ല. പെട്ടെന്ന് കുട്ടി രോഗബാധിതനായി കിടപ്പിലായി. ഇബ്റാഹീമിന്റെ മാതാവും മാതൃസഹോദരിയും താമസിച്ചിരുന്ന സ്ഥലത്തായിരുന്നു. കുട്ടിയെ അവിടെയാണ് സംരക്ഷിച്ചിരുന്നത്. കുട്ടിയുടെ അവസ്ഥ ഗുരുതരമായപ്പോൾ, കുടൂതൽ കാലം അവൻ ജീവിക്കില്ല എന്ന് ബോധ്യമായപ്പോൾ, വിവരം പരിശുദ്ധ പ്രവാചകനെ അറിയിക്കുകയും അവി

ടേക്ക് വിളിക്കുകയും ചെയ്തു. വാർത്ത കേട്ട അദ്ദേഹം തളർന്നു പോയി. അദ്ദേഹത്തിന് നടക്കാൻ വയ്യാതായി. എഴുന്നേല്ക്കുവാൻ അബ്ദുർറഹ്മാൻ ഇബ്നു ഔഫിന്റെ കൈതാങ്ങ് ആവശ്യപ്പെട്ടു.

തന്റെ ഭാര്യമറിയ (റ) താമസിച്ചിരുന്ന സ്ഥലത്തേക്ക് പെട്ടെന്നു തന്നെ പുറപ്പെട്ടു. തന്റെ മാതാവിന്റെ മടിയിൽ കിടന്ന് കുട്ടി അന്ത്യാശ്വാസം വലിക്കുന്ന സമയത്ത് പ്രവാചകൻ (സ) അവിടെ എത്തിച്ചേർന്നു. പ്രസ്തുത ദുഃഖവാർത്തയിൽ ഹൃദയം നുറുങ്ങിപോയി. ആന്തരികമായി അദ്ദേഹം അനുഭവിച്ച പ്രസ്തുത വേദനയുടെ കാഠിന്യം കണ്ണാടിയിലെന്നപോലെ അദ്ദേഹത്തിന്റെ മുഖത്ത് പ്രതിഫലിച്ചു. സങ്കടത്താൽ വീർപ്പുമുട്ടിയ അദ്ദേഹം തന്റെ മകനോട് പറഞ്ഞു. അല്ലയോ ഇബ്റാഹീം, ദൈവത്തിന്റെ വിധിക്കെതിരിൽ നിനക്കു വേണ്ടി ഞങ്ങൾക്കൊന്നും ചെയ്യുവാൻ സാധിക്കുകയില്ല മോനേ. തുടർന്ന് അദ്ദേഹം നിശ്ബ്ദനായി. കണ്ണിൽനിന്നും അശ്രു പൊഴിഞ്ഞുക്കൊണ്ടിരിന്നു. കുട്ടി മെല്ലെ മരണത്തിന് കീഴടങ്ങി. അവന്റെ മാതാവും മാതൃസഹോദരിയും ഉച്ചത്തിൽ കരഞ്ഞു. നിരന്തരമായി തുടർന്നു. എന്നാൽ പ്രവാചകൻ (സ) കണ്ണുനീർ പൊഴിച്ചു കൊണ്ടു കുട്ടിയോട് സംസാരിച്ചു. അല്ലയോ ഇബ്റാഹിം ! നേരത്തെ പോയവരുമായി പിന്നീട് വരുന്നവർ കൂടിച്ചേരുന്നതാണ് എന്ന സത്യം ഉറപ്പുള്ളതല്ലായിരുന്നു വെങ്കിൽ, ഇന്ന് ഞങ്ങൾ അനുശോചിക്കുന്നതിനേക്കാൾ കൂടുതലായി നിനക്കായി അനുശോചിക്കുകമായിരുന്നു. ഒരു നിമിഷം പിന്നിട്ട ശേഷം അദ്ദേഹം പറഞ്ഞു. കണ്ണുകൾ അവയുടെ കണ്ണുനീർ തൂകുന്നു. ഹൃദയം ദുഃഖഭരിതരമായിരിക്കുന്നു. നമ്മുടെ അല്ലാഹുവിന് ഇഷ്ടമല്ലാത്ത ഒന്നും തന്നെ നാം പറയുന്നവരല്ല. തീർച്ചയായും അല്ലയോ ! ഇബ്റാഹീം ! ഞങ്ങളിൽ നിന്നും അകന്നു പോകുന്നതിന്റെ ഈ മരണയാത്ര ഞങ്ങളെ വേദനയിലാഴ്ത്തുന്നു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) തന്റെ ദുഃഖം കടിച്ചമർത്തുവാൻ ശ്രമിച്ചു. വേദന ലഘുകരിക്കുവാൻ യത്നിച്ചു. ഹസ്രത് മറിയയിലേക്കും അവരുടെ സഹോദരി സിരിനിലേക്കും നോക്കിക്കൊണ്ട് അദ്ദേഹം അവരോട് സന്തോഷിക്കുവാൻ പറഞ്ഞു. ഇബ്റാഹീമിന് സ്വർഗ്ഗത്തിൽ അവന്റെതായ പോറ്റമ്മ ഉണ്ടായിരിക്കുന്നതാണ്.

ഉമ്മി ബുർദാ അഥവാ മറ്റൊരു റിപ്പോർട്ടിൻ പ്രകാരം ; അൽഫസൽ ഇബ്ന് അബ്ബാസ് കുട്ടിയുടെ ശരീരം കഴുകി, ശവസംസ്ക്കാരത്തിനായി ! ഒരു ചെറിയ

കിടക്കയിൽ അവനെ കിടത്തി. പരിശുദ്ധ പ്രവാചകൻ (സ) യും അനേകം മുസ്ലിം കളും ചേർന്ന് അൽബക്കീത് കബർസ്ഥാനിലേക്ക് കൊണ്ടു പോയി. പരിശുദ്ധ പ്രവാചകൻ (സ) പ്രാർത്ഥന നടത്തിയ ശേഷം ഖബറടക്കം ചെയ്യുകയുണ്ടായി. പരിശുദ്ധ പ്രവാചകൻ (സ) ശവകുഴിമൂടുവാൻ കല്പിച്ചു. മണൽകൊണ്ട് ശവകുഴി നിറച്ചു. അല്പം വെള്ളം തളിച്ചു ശ്മശാനസ്തംഭവും സ്ഥാപിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു ശ്മശാനസ്തംഭം കൊണ്ട് പ്രത്യേകിച്ച് ഗുണമോ ദോഷമോ ഇല്ല. എന്നാൽ അത് ജീവിച്ചിരിക്കുന്നവർക്ക് ആശ്വാസത്തിനായി സഹായിക്കുന്നു. മനുഷ്യൻ എന്തെങ്കിലും ചെയ്യുമ്പോൾ, ദൈവം അവന് നന്മകൾ നേരുന്നു

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇബ്റാഹീം ജീവിച്ചിരുന്നുവെങ്കിൽ, അവൻ ഒരു യഥാർത്ഥ പ്രവാചകനാകുമായിരുന്നു. (കൻസുൽ ഉമ്മാൽ)

ഇബ്റാഹീമിന്റെ മരണത്തോടാനുബന്ധിച്ച് സൂര്യഗ്രഹണമുണ്ടായി മുസ്ലിംകൾ ദർശിച്ച ഒരു അത്ഭുദ പ്രതിഭാസം. ഇബ്രാറാഹീമിന്റെ മരണത്തോടനുബന്ധിച്ചുള്ള ദുഃഖത്തിലാണ് സൂര്യഗ്രഹണമുണ്ടായതെന്ന് ജനങ്ങൾ പറയുവാൻ തുടങ്ങി. അത് പരിശുദ്ധ പ്രവാചകൻ കേൾക്കുവാൻ ഇടയായി. അപ്പോൾ അദ്ദേഹം പറഞ്ഞു സൂര്യനും ചന്ദ്രനും ദൈവത്തിന്റെ രണ്ട് പ്രതിഭാസങ്ങളാണ്. അവയ്ക്ക് ഗ്രഹണം ബാധിക്കുന്നത് ആരുടെ എങ്കിലും മരണത്തോടെയോ ജനനത്തോടൊയോ അല്ല. സൂര്യഗ്രഹണം ബാധിച്ചാൽ, അത്തരം സന്ദർഭങ്ങളിൽ ദൈവത്തെ സ്മരിക്കുക, പ്രാർത്ഥനയ്ക്കായി അവനിലേക്ക് തിരിയുക

സമ്പൂർണ്ണ മാതൃക പുരുഷനായ മുഹമ്മദ് (സ) യുടെ മേലും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ മേലും അനുചരന്മാരുടെമേലും അല്ലാഹു (ത) സദാ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ ! അദ്ദേഹത്തിന്റെ സമുദായത്തിന്റെ മേൽ അല്ലാഹു (ത) യുടെ അനുകമ്പയുടെയും സ്നേഹത്തിന്റെയും നോട്ടം ഉണ്ടാകട്ടെ ! ഇസ്ലാമിന്റെ മഹത്വം തിരിച്ചു കൊണ്ടു വരാൻ അവൻ നമ്മെ സഹായിക്കട്ടെ ! അതിനായി നമുക്ക് ആ മഹാനുഭാവന്റെ കാലടികളെ പിന്തുടരാം ഇൻശാ അല്ലാഹ് ! ആമീൻ

Translated & Issued By : R. Jamaludin Raother

Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in